# രണ്ടാം വത്തിക്കാൻ സൂനഹദോസും വിശ്വാസ പരിശീലനവും

സി.അമൽ മരിയ എഫ്.സി.സി

"വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുകയും നിത്യജീവനെ മുറുകെപ്പിടിക്കുകയും ചെയ്യുക". (1 തിമോ 6: 12)

## ആമുഖം

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവ്വത്രിക സഭ വിശ്വാസവർഷമായി ആചരിക്കുകയാണല്ലോ. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ സുവർണ്ണജൂബിലി, കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികം 2012 ഒക്ടോബർ 7 മുതൽ 28 വരെ റോമിൽ വച്ചു നടന്ന നവ സുവിശേഷവത്ക്കരണത്തിനുള്ള സിനഡ് എന്നിവയുടെ പശ്ചാത്തലത്തിൽ പരി.പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ ആഹ്വാനം നല്കിയിരിക്കുന്ന വിശ്വാസവർഷാചരണം സഭക്ക് ഒരു പുത്തൻ ഉണർവ്വേകുന്നു നവീകൃതമായ ബോധ്യത്തോടും ആത്മധൈര്യത്തോടും പ്രത്യാശയോടുംകൂടെ വിശ്വാസം പൂർണ്ണമായി ഏറ്റുപറയുവാൻ ഓരോ വ്യക്തിയെയും ഒരുക്കാനാണ് വിശ്വാസവർഷം ആചരിക്കുന്നത്. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും പ്രത്യേക പഠനവിഷയമാക്കാൻ മാർപാപ്പ നിർദ്ദേശിച്ചിരിക്കുകയാണല്ലോ. ഈ നിർദ്ദേശം പ്രാവർത്തികമാക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളിലേക്കും കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിലേക്കും കടന്നു ചെല്ലാം.

## രണ്ടാം വത്തിക്കാൻ കൗൺസിൽ

ശാസ്ത്രോദീപ്തമായ ആധുനികയുഗത്തിന്റെ ആരംഭം മുതൽ ലോകത്തിലുട നീളം ബൃഹത്തായ പരിവർത്തനങ്ങൾ നാമ്പെടുക്കുകയും പൊട്ടിവിടരുകയും ചെയ്തു നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾ മനുഷ്യപുരോഗതിക്ക് ആക്കം കൂട്ടി മനുഷ്യൻ സ്വശക്തിയിൽ വിശ്വസിക്കാനും ദൈവത്തേയും ആദ്ധ്യാത്മികമൂല്യങ്ങളേയും മാറ്റിവച്ചുകൊണ്ട് ശാസ്ത്ര സംസൃഷ്ടമായ ഒരു ഭൗമ പറുദീസ കെട്ടിപ്പടുക്കാമെന്നു പ്രതീക്ഷിക്കാനും തുടങ്ങി അതേസമയം മനുഷ്യനെ പിടിച്ചുലയ്ക്കുന്ന നിരവധി പ്രതികൂല ശക്തികളുയർന്നുവന്നു തന്റെ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുമോ എന്നവർ സംശയിച്ചു നൂറ്റാണ്ടുകൾ കെട്ടിപ്പൊക്കിയ സംസ്കാരം നിമിഷനേരംകൊണ്ടു തകർന്നു ചാമ്പലാകുമോ എന്നവർ സംശയിച്ചു ഇങ്ങനെ ഇരുശക്തികൾ മനുഷ്യനെ ഒരു പ്രതിസന്ധിഘട്ടത്തിലേക്കു തള്ളിയിട്ടു ഈ അവസ്ഥയിൽ മനുഷ്യനു മാർഗ്ഗം തെളിക്കാൻ തിരുസ്സഭ കാലത്തിനു നിരക്കാത്തതും അശാസ്ത്രീയവുമായിട്ടാണു കാണപ്പെട്ടത് ശാസ്ത്രം സംസ്കാരം, സാങ്കേതികവിജ്ഞാനീയം

എന്നീ മണ്ഡലങ്ങളിൽ തുടരെത്തുടരെ വന്നു വീണിട്ടുള്ള വിപ്ലവകരങ്ങളായ പരിണാമങ്ങൾക്കനുസൃതം തിരുസഭയിലും ചില മാറ്റങ്ങൾ വന്നേ തീരു എന്നായി.ഇന്നത്തെ മനുഷ്യനു മനസ്സിലാകുന്ന ഭാഷയിൽ സഭ സ്വയം അവതരിപ്പിക്കണമെന്നും ആന്തരികമായ നവീകരണവും പുനഃസംവിധാനത്തിന്റെ നടുവിൽ പ്രതിഷ്ഠിക്കപ്പെട്ട രക്ഷാചിഹ്നമായി തിരുസഭയെ പുനരവരോധിക്കാൻ ചരിത്രത്തിന്റെ കേന്ദ്രമാക്കി മാറ്റാൻ ഒരു യത്നം നടന്നു അതാണു രണ്ടാം വത്തിക്കാൻ കൗൺസിൽ.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സംഘാടകൻ പോപ്പ് ജോൺ 23-ാമനായിരുന്നു. അപ്രതീക്ഷിതമായ വസന്തത്തിൽ വിരിഞ്ഞ പുഷ്പമാണതെന്ന് പോപ്പ് ജോൺ പ്രസ്താവിച്ചു 1959 ജനുവരി 25 ന് പ്രഥമ വിളംബരം നടത്തി 21-ാം സാർവ്വത്രിക സൂനഹദോസ് സംഘടിപ്പിക്കണമെന്ന് കൗൺസിലിന്റെ ആശയം ഉദയം ചെയ്തത് അത്യുന്നതന്റെ നേരിട്ടുള്ള നിവേശനം വഴിയാണെന്ന് അദ്ദേഹം സുപ്പേർനോ ദേയി സൂത്ത എന്ന ലിഖിതത്തിലൂടെ വ്യക്തമാക്കി 1915 മെയ് 17-ന് ഔദ്യേഗികമായി കൗൺസിലിന്റെ സജ്ജീകരണങ്ങൾ സമാരംഭിച്ചു ഒരു കേന്ദ്രകമ്മീഷനും പത്ത് ഉപകമ്മീഷനുകളും രണ്ടു കാര്യദർശി സംഘങ്ങളും രൂപം പൂണ്ടു മൂന്നരവർഷത്തെ നിസ്തന്ദ്രപരിശ്രമങ്ങൾ അണിയറയിൽ നടന്നു കൗൺസിലിനെ അണിയിച്ചൊരുക്കുവാൻ കൗൺസിലിന്റെ കർമ്മ പദ്ധതിലിഖിതങ്ങൾ എഴുതിത്തീർക്കുകയും ചെയ്തു 1961 -ലെ ക്രിസ്മസ്സ് ദിനത്തിലാണ് ഔദ്യോഗിക പ്രഖ്യാപനം നടന്നത് 1962 ഒക്ടോബർ 11 ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രോദ്ഘാടനം ചെയ്തു സഭയെ ആധുനികരിക്കുക എന്നതായിരുന്നു ലക്ഷ്യം.

### രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ലക്ഷ്യങ്ങൾ

ഏറ്റം മഹത്തായ ലക്ഷ്യം ക്രൈസ്തവസിദ്ധാന്തത്തിന്റെ ദിവ്യനിക്ഷേപം സംരക്ഷിക്കുകയും കാര്യക്ഷമമായി പഠിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു സഭാസംവിധാനത്തിന്റെ ജനാലുകൾ തുറന്നിടുക പൊടിപടലങ്ങൾ പുറത്താക്കുക ശുദ്ധവായുവിന് ഉൾപ്രവേശനം നല്കുക അതിനായി ഉറവിടങ്ങളിലേക്കു തിരിച്ചു പോയി നഷ്ടപ്പെട്ടവ തിരിച്ചെടുക്കണം കാലത്തിന്റെ ,ചുവരെഴുത്തുകൾക്കനുസരിച്ച് സഭയെ അധുനാതനീകരിക്കുക നവീകരിക്കുക ആവശ്യമാണ് ഈ ഭൂമിയിലെ തീത്ഥാടകനായ മനുഷ്യനിലെ വിശ്വാസവും സ്നേഹവും വർദ്ധിപ്പിച്ച് സ്വർഗ്ഗോൻമുഖനായി ചരിക്കാൻ പ്രാപ്തനാക്കണം.

### രണ്ടാം വത്തിക്കാൻ കൗൺസിൽ ഫലങ്ങൾ

പ്രധാനപ്പെട്ട ഫലങ്ങൾ 16 പ്രമാണരേഖകൾ ആണ് അതിൽ 4 കോൺസ്റ്റിറ്റ്യൂഷൻ 9 ഡിക്രികൾ 3 ഡിക്ലേറേഷനുകൾ എന്നിവ ഉൾപ്പെടുന്നു അതിനാൽ 4 പ്രമാണരേഖകൾ പ്രാധാന്യമർഹിക്കുന്നു അവ തിരുസ്സഭ ദൈവാവിഷ്ക്കരണം ആരാധനാക്രമം സഭ ആധുനികലോകത്തിൽ എന്നിവയാണ് കൗൺസിൽ പുറപ്പെടുവിച്ചിരിക്കുന്ന 16 പ്രമാണരേഖകളെക്കാൾ അതിലുടനീളം പ്രകാശിക്കുന്ന നൂതന ചൈതന്യമാണ് പ്രാധാന്യം

അവയിൽ ദൈവശാസ്ത്രത്തിൽ വേദഗ്രന്ഥാധിഷ്ഠിതമായ നവീകരണം, സഭാപഠനങ്ങളുടെ വിശദീകരണം സഭയിൽ സംജാതമായിരിക്കുന്ന പുതിയ അന്തരീക്ഷം പട്ടിണി, രോഗം, യുദ്ധം ജനപ്പെരുപ്പം തുടങ്ങിയ അതിരൂക്ഷമായ പ്രശ്നങ്ങളിൽ ഉത്തരവാദിത്വമുണ്ടെന്ന ബോധ്യം എന്നിവ സുപ്രധാനങ്ങളാണ്.

ഇരുപതാം നൂറ്റാണ്ടിൽ സഭയ്ക്കു നൽകപ്പെട്ട മഹത്തായ കൃപാവരമാണ് 'വത്തിക്കാൻ കൗൺസിൽ'. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഉദ്ദേശ്യം ജോൺ 23–ാമൻ മാർപാപ്പയുടെ അഭിപ്രായത്തിൽ ഇപ്രകാരമായിരുന്നു. 'സിദ്ധാന്തം നിർമ്മലമായും പൂർണ്ണമായും അർത്ഥവ്യത്യാസങ്ങളോ ദുർവ്യാഖ്യാനങ്ങളോ കൂടാതെ കൈമാറുക'. വിശ്വസ്തതയോടെ ആദരിക്കേണ്ട സുനിശ്ചിതവും അചഞ്ചലവുമായ പ്രബോധനം നമ്മുടെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിശദീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന വിധത്തിലായിരിക്കണം സിദ്ധാന്തം കൈമാറ്റം നടത്തുന്നത്.

വത്തിക്കാൻ കൗൺസിൽ ക്രിസ്തുവിന്റെ പ്രാകാശത്തെപ്പറ്റി പറഞ്ഞു തുടങ്ങി അതാകട്ടെ വിശുദ്ധീകരിക്കുനന്തും പ്രകാശിപ്പിക്കുന്നതും വിശുദ്ധ ലിറ്റർജിയുടെ ആഘോഷത്തിൽ പവിത്രീകരിക്കുന്നതുമാണ് (കോൺസ്റ്റിറ്റൂഷൻ സാക്രോസാങ്തും കൊൺചീലിയും) തുടർന്നു അവിടുത്തെ ദിവ്യവചനത്തെക്കുറിച്ചു പ്രതിപാദിച്ചു ( ഡോഗ് മാറ്റിക് കോൺസ്റ്റിറ്റൂഷൻ ദേയിബെർബും)പിന്നിട് സഭയുടെ ആന്തരീകസ്വഭാവത്തെപ്പറ്റി വിശദീകരിച്ചു. ( ഡോഗ്മാറ്റിക് കോൺസ്റ്റിറ്റൂഷൻ ലൂമെൻ ജെസിയും.) സഭയ്ക്കു സമകാലിക ലോകത്തോടുള്ള ബന്ധത്തെപ്പറ്റിയും വിവരിച്ചു (ഫസ്റ്റിൽ കോൺസ്റ്റിറ്റൂഷൻ ഗാവുദിയും ഏത്ത് സ്പെസി.) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ യഥാർത്ഥ സ്തംഭങ്ങളായ ഈ നാലു കോൺസ്റ്റിറ്റൂഷനുകളുടെ ചുറ്റുമാണ് ഇന്നത്തെ ചില പ്രധാന വിഷയങ്ങൾ സംബന്ധിക്കുന്ന പ്രഖ്യാപനങ്ങളും ഡിക്രികളും ക്രമവത്കരിച്ചിട്ടുള്ളത്. സഭാ മാതാവിന്റെ വിശ്വാസം ദൃഢമായി നിർമ്മിച്ചിരിക്കുന്ന വാക്കുകളാണ് വിശ്വാസപ്രമാണം കർത്താവായ ക്രിസ്തുവെന്ന സുസ്ഥിരമായ അടിസ്ഥാനത്തിന്മേലാണ് സഭ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ വിശ്വാസത്തിന്റെ മുന്നോടിയും പൂർണ്ണത കർത്താവുമാണ് (ഹെബ്രാ 12:2) സ്നേഹത്തിൽ പ്രവർത്തനനിരമായ വിശ്വാസം എന്ന വിശ്വാസ വർഷത്തിന്റെ ആപ്തവാക്യം നമ്മുടേതാക്കാം – ജീവിക്കാം.

## 1. തിരുസഭയെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷൻ

ജനതകളുടെ പ്രകാശം എന്നാരംഭിക്കുന്ന തിരുസ്സഭയെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷനാണ് ദൈവശാസ്ത്ര പരമായി നോക്കുമ്പോൾ ഏറ്റവും വിലപ്പെട്ട കൗൺസിൽ സംഭാവന ജനതകളുടെ പ്രകാശമാണു ക്രിസ്തു നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:15) എന്ന കല്പനവഴി സഭയെ ക്രിസ്തുവിനെ പ്രഘോഷിപ്പിക്കാൻ സഭ ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവുമായി സഗാഢം ബന്ധിതയായ സഭ

ദൈവവുമായുള്ള ഉറ്റഐക്യത്തിന്റെയും, മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റെയും

കൂദാശയാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു ജനമായി സാർവ്വത്രികസഭ വിളങ്ങി പ്രകാശിക്കുന്നു. ഏകവും പരിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവുമെന്ന് വിശ്വാസപ്രമാണത്തിൽ നാം സമ്മതിച്ചു പറയുന്ന സഭ ഉത്ഥാനത്തിനുശേഷം നമ്മുടെ ദിവ്യരക്ഷകൻ മേയിക്കുവാനായി പത്രോസിനെ ഭരമേല്പിച്ച സഭ, (യോഹ 21:17) പ്രചരിപ്പിക്കാനും ഭരിക്കാനും വേണ്ടി വി.പത്രോസിനെയും മറ്റു ശ്ലീഹന്മാരെയും ഏല്പിച്ച സഭ, (മത്താ. 28:18) നിത്യ കാലത്തേക്കു അവിടുന്നു പടുത്തുയർത്തിയ സഭ – ഇതാണ് ക്രിസ്തുവിന്റെ ഏക സഭ നമുക്കു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും അവയവങ്ങൾക്കു ഒരേ പ്രവത്തി അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ പലരായിക്കുന്ന നാമും ക്രിസ്തുവിൽ ഒരു ശരീരമാണ് (റോമ 12: 4–5) സഭയിൽ എല്ലാവരും ഒരേ പാതയിലൂടെയല്ല ചരിക്കുന്നതെങ്കിലും വിശുദ്ധി പ്രാപിക്കാനായി വിളിക്കപ്പെട്ടവരാണ് (2 പത്രോ 1:1) ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ വാഴുന്ന പരിശുദ്ധ മറിയമാണ് ലോകാവസാനത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിഛായയും ആരംഭവും കർത്താവിന്റെ ദിവസം ഉദയം ചെയ്യുന്നതുവരെ (2 പത്രോ 3:10) മറിയം ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിനു സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിച്ചുകൊണ്ടിരിക്കും.

## 2. ദൈവാവിഷ്കരണം

രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രമാണരേഖകളിൽ സാധാരണക്കാരുടെ ശ്രദ്ധ ആകർഷിച്ചിട്ടില്ലാത്തതും അതേസമയം മറ്റു പ്രമാണരേഖകളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതുമായ ഒന്നാണ് ദൈവാവിഷ്ക്കരണത്തെ സംബന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷൻ.

എന്താണീ ദൈവാവിഷ്കരണം ? ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആരംഭമാണത്. ദൈവം അനന്തനും അഗ്രാഹ്യനുമാണ് മനുഷ്യനോ കേവലം അപൂർണ്ണൻ അവനു ദൈവത്തെ ഗ്രഹിക്കുക സുസാദ്ധ്യമല്ല അതുകൊണ്ടു ദൈവം തന്നെ അവനു സ്വയം വെളിപ്പെടുത്തിക്കൊടുത്തു ആ വെളിപ്പെടുത്തലിനെ നാം ദൈവാവിഷ്ക്കാരമെന്നു പറയുന്നു ദൈവാവിഷ്കരണം വി.ലിഖിതത്തിലും പാരമ്പര്യത്തിലുമായി തിരുസഭ നിലനിർത്തിപ്പോരുന്നു. തിരുസഭയിൽ നിലനിന്നിരുന്ന വിശ്വാസം ആചാരങ്ങൾ തത്വസംഹിതകൾ എന്നിവയാണ് പാരമ്പര്യം എന്നതിനു കല്പിക്കുന്ന അർത്ഥം തന്റെ പ്രബോധനങ്ങൾ പ്രവൃത്തികൾ മാതൃക ഇവയിലൂടെ ക്രിസ്തു നല്കിയ സത്യങ്ങളെ അപ്പസ്തോലന്മാർ സുവിശേഷപ്രസംഗം, മാതൃക,നിയമങ്ങൾ മുതലായവവഴി പിൻഗാമികൾക്കു കൈമാറി ഈ പ്രക്രിയയ്ക്ക് രണ്ടും രൂപങ്ങളുണ്ടായിരുന്നു ദൈവം വെളിപ്പെടുത്തിയവ നിലനിന്നുപോന്നതു വാമൊഴിയായും വരമൊഴിയായുമാണ് വാമൊഴിയായിട്ടുള്ളതിനെ പാരമ്പര്യമെന്നും വരമൊഴിയായിട്ടുള്ളതിനെ വി.ലിഖിതങ്ങൾ എന്നും വിളിക്കുന്നു.വി,ലിഖിതങ്ങളും പാരമ്പര്യവും തമ്മിൽ സുദൃഢമായ

ബന്ധം ഉണ്ട്. കാരണം അവ രണ്ടിന്റേയും ഉത്ഭവം ഒരേ ഒരു ദിവ്യസ്രോതസ്സിൽ നിന്നാണ് രണ്ടും ഒന്നായിച്ചേർന്ന് ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങുന്നു.

നമ്മുടെ കർത്താവിന്റെ തിരുശ്ശരീരത്തെ വണങ്ങുന്നതു പോലെയാണ്, ആരാധനാക്രമത്തിൽ ജീവന്റെ അപ്പം. ക്രിസ്തുവിന്റെ ശരീരമാകുന്ന മേശയിൽ നിന്നെന്നപോലെ ദൈവവചനമാകുന്ന മേശയിൽ നിന്നും സ്വീകരിച്ച് വിശ്വാസികൾക്കുവിതരണം ചെയ്യുന്ന വിശുദ്ധ പാരമ്പര്യങ്ങളോടു ചേർന്നു വി.ലിഖിതങ്ങളെയും വിശ്വാസത്തിന്റെ പരമ മാനദണ്ഡമായി സഭ എന്നും കരുതിപ്പോന്നിട്ടുണ്ട് കാരണം ദൈവനിവേശത്താലാണ് വിഗ്രന്ഥം ലിഖിതരൂപത്തിൽ പകർത്തപ്പെട്ടത് വി.ലിഖിതങ്ങൾ ദൈവവചനത്തെയാണ് ഉൾക്കൊള്ളുന്നത്. അവ നിവേശിതങ്ങളാകയാൽ യഥാർത്ഥത്തിൽ ദൈവത്തിന്റെ വാക്കുകൾ തന്നെയാണ്. അതുകൊണ്ടു ദൈവശാസ്ത്രത്തിന്റെ ജീവൻ വി.ഗ്രന്ഥപഠനമായിരിക്കണം ദൈവവചനം പകർന്നു കൊടുക്കാൻ പലമാർഗ്ഗങ്ങൾ ഉണ്ട് പ്രഭാഷണങ്ങൾ മതബോധനം, മറ്റു ക്രിസ്തീയപദേശങ്ങൾ എന്നിവ വളരെ പ്രാധാന്യം നല്കുന്നവയാണ്.

എല്ലാ ക്രിസ്തീയ വിശ്വാസികളെയും വൈദിക ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരെയും വിശേഷിച്ച് സന്യാസികളെയും ഇതിനായി പരി.സൂനഹദോസ് ശക്തിയുക്തം ആഹ്വാനം ചെയ്യുന്നു. കാരണം ക്രിസ്തു വിനെക്കുറിച്ചുള്ള അജ്ഞത തന്നെയാണ്, വി. ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞ എന്ന് വി. ജറോം പറയുന്നു. വി.ഗ്രന്ഥ പാരയണത്തോടൊപ്പം പ്രാർത്ഥനയും ആവശ്യമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണം നടക്കണം നാം പ്രാർത്ഥിക്കുമ്പോൾ ദൈവവുമായി സംസാരിക്കുന്നു ദിവ്യവചനങ്ങൾ വായിക്കുമ്പോൾ അവിടുത്തെ ശ്രവിക്കുന്നു. വി. ഗ്രന്ഥത്തിന്റെ വായനയും പഠനവും വഴി ദൈവവചനം വേഗം പ്രചരിപ്പിക്കുകയും മഹത്വപൂരിതവുമായും ചെയ്യട്ടെ (2 തെസ 3:1).പുല്ലു കരിയുന്നു പുഷ്പം വാടുന്നു നമ്മുടെ ദൈവത്തിന്റെ വചനമാകട്ടെ എന്നേയ്ക്കും നിലനില്ക്കും (ഏശയ്യ 40:8).

ലിറ്റർജി എന്ന വാക്കിന്റെ ഉത്ഭവാർത്ഥം 'പൊതുവായ ഒരു പ്രവത്തി' അഥവാ ജനങ്ങളുടെ നാമത്തിലോ 'ജനങ്ങളെ പ്രതിയോ ഉള്ള ശുശ്രൂഷ' എന്നാണ്. ക്രൈസ്തവപാരമ്പര്യത്തിൽ ഇതിനു 'ദൈവത്തിന്റെ പ്രവൃത്തിയിലുള്ള ദൈവജനത്തിന്റെ പങ്കു ചേരൽ' എന്നാണർത്ഥം. പുതിയ നിയമത്തിൽ ലിറ്റർജി കൊണ്ടർത്ഥമാക്കുന്നതു ദൈവാരാധന മാത്രമല്ല സുവിശേഷപ്രഘോഷണവും പരസ്നേഹപ്രവർത്തനവും കൂടിയാണ്. ഈ സാഹചര്യങ്ങളിലെല്ലാം ലിറ്റർജി ദൈവത്തിനും അയൽക്കാരനും ചെയ്യുന്ന ശുശ്രൂഷയുടെ കാര്യമാണ് ആരാധനാക്രമാഘോഷത്തിൽ തന്റെ കർത്താവായ ഏക ശുശ്രൂഷകന്റെ സാദൃശ്യത്തിൽ സഭ ശുശ്രൂഷകയാണ് അവൾ ക്രിസ്തുവിന്റെ പ്രവാചകരും (പ്രോഘഷണം ) രാജകീയവും (പരസ്നേഹശുശ്രൂഷ) ആയ പൗരോഹിത്യത്തിൽ (ആരാധന)പങ്കു ചേരുന്നു. ആരാധന ക്രമത്തിന്റെ സിരാകേന്ദ്രം അൾത്താരയിലെ ദിവ്യബലിയാണ് അതു ക്രിസ്തീയ തത്ത്വങ്ങളുടെയെല്ലാം രത്നച്ചുരുക്കവും എല്ലാ ഭക്തികളുടെയും കേന്ദ്രബിന്ദുവുമാണ

അനുഗ്രഹത്തിന്റെ ഉറവിടവും പൊലിയാത്ത സ്നേഹത്തിന്റെ പ്രതീകവുമായ ദിവ്യബലി നമ്മുടെ ജീവിതത്തിന്റെ കേന്ദ്ര ബിന്ദുവായിത്തീരുമ്പോൾ മനുഷ്യഹൃദയം ആഗ്രഹിക്കുന്ന ഐക്യവും ആനന്ദവും കൈവരും.

ലിറ്റർജിയും കൂദാശകളും ഇല്ലാതിരുന്നാൽ വിശ്വാസപ്രഖ്യാപനം കാര്യക്ഷമത ഇല്ലാതാകും ക്രൈസ്തവ സാക്ഷ്യത്തെ പിൻതാങ്ങുന്ന കൃപ അതിനില്ലാതാക്കും. ക്രിസ്തീയ ആദ്ധ്യാത്മകതയുടെ വറ്റാത്ത ഉറവയും ചൈതന്യ സ്രോതസ്സുമായ, വചന കേന്ദ്രീകൃതവും ആരാധനാധിഷ്ഠിതവമായ ജീവിതത്തിനു മാത്രമേ നാം ഏറ്റു പറയുകയും ആഘോഷിക്കുകയും, ജീവിക്കുകയും, പ്രാർത്ഥിക്കുകയും, ചെയ്യുന്ന വിശ്വാസത്തിന്റെ ഉള്ളടക്കം വീണ്ടും കണ്ടെത്താനാവൂ. കണ്ടെത്തുന്ന വിശ്വാസത്തിന്റെ ഉള്ളടക്കത്തെ പരസ്നേഹത്തിന്റെ സാക്ഷ്യം കൊണ്ട് കൂടുതൽ തീവ്രമാക്കണം വിശ്വാസജീവിതത്തെയും സാമൂഹ്യജീവിതത്തെയും വേർതിരിക്കാൻ ഒരുവനും സാദ്ധ്യമല്ല.

## 4. സഭ ആധുനിക ലോകത്തിൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ അംഗീകരിച്ചു പുറത്തിറക്കിയ 16 പ്രമാണരേഖകളിൽ ഏറ്റവും വലതാണിത് ആധുനിക ലോകത്തിന്റെ അടയാളങ്ങളെയും, മാറിമറയുന്ന ചുറ്റുപാടുകളെയും കണക്കിലെടുത്ത്, യഥാവിധി ലോകവുമായുള്ള തന്റെ വേഴ്ച വീഴ്ചകൂടാതെ പുലർത്തേണ്ടതു എങ്ങനെയെന്ന് കാണാനാണ് ഈ പ്രമാണരേഖയിൽ വത്തിക്കാൻ കൗൺസിൽ ശ്രമിച്ചത് ലോകത്തിന്റെ ആധുനിക പ്രശ്നങ്ങളെ തീർത്തും സഹതാപപൂർവ്വം സമീപിക്കുകയും സഭയുടെ സേവന ദൗത്യം ഇതിന്റെ ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ ക്രിയാത്മക മാക്കേണ്ടതെങ്ങനെ എന്ന് ചിന്തിക്കുകയും തീരുമാനമെടുക്കുകയുമാണ് സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണ രേഖയിൽ കൗൺസിൽ ചെയ്തത്.

### 1. പ്രശ്നങ്ങളോടുള്ള സമീപനം.

മനുഷ്യവ്യക്തിത്വത്തിന്റെ വില യിടിവിലാണു ആധുനിക ലോകത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഈശ്വര സായൂജ്യത്തിനുള്ള മനുഷ്യന്റെ ദൈവാഹ്വാനമാണ്. മനുഷ്യന്റെ മഹനീയതയുടെ അടിസ്ഥാനം എല്ലാ മനുഷ്യരുടെയും നല്ല മനസ്സിനെ ആദരിക്കാനും സാഹോദര്യത്തിൽ വിശ്വസിക്കാനും, സത്യത്തിലും, നീതിയിലും, സ്നേഹത്തിലും, വ്യക്തിസ്വാതന്ത്ര്യത്തിലും, അധിഷ്ഠിതമായ പുരോഗതിക്കായി ശ്രമിക്കുകയും പവിത്രമായികാത്തു സൂക്ഷിക്കണം. ലോകസമാധാനത്തെ ഭീക്ഷണിപ്പെടുത്തുന്ന ആധുനികയുദ്ധോപകരണങ്ങൾ അവസാനിപ്പിച്ച്. സമാധാനം സ്ഥാപിക്കണം പട്ടിണിയും ദാരിദ്ര്യവും മാറ്റാൻ ആവുന്നതു ചെയ്യണം. മനുഷ്യൻ എവിടെയാണെന്നറിഞ്ഞ് അവിടെ നിന്ന് അവനെ ഉയർത്തുവാനുള്ള പദ്ധതികളാണു സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖയിൽ.

## 2. മനുഷ്യമഹാകുടുംബം.

ദൈവസ്നേഹവും സഹജീവികളോടുള്ള സ്നേഹവും, പ്രഥമവും പ്രധാനവുമായ നിയമമാണ്. ദൈവസ്നേഹം സഹോദരസ്നേഹത്തിൽ നിന്നും അടർത്തിമാറ്റുക അസാദ്ധ്യമാണെന്ന് വി.ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു സ്നേഹം നിയമത്തിന്റെ പൂർത്തീകരണമാണ് (റോമ 13:9–10).

## 3. മാനുഷിക പ്രവർത്തനങ്ങൾ.

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ലോകത്തെയും അതിലുള്ള സകലത്തെയും കീഴ്പ്പെടുത്താനും നീതിയിലും വിശുദ്ധിയിലും ഭരിക്കാനും കല്പന സ്വീകരിച്ചു. സകലത്തിന്റെയും സ്രഷ്ടാവായ ദൈവത്തെ അംഗീകരിക്കുക തന്നെത്തന്നെയും സകല വസ്തുക്കളെയും അന്ത്യത്തിലേക്കു നയിക്കുക അങ്ങനെ സകല വസ്തുക്കളെയും മനുഷ്യനു കീഴ്പ്പെടുത്തി ദൈവനാമം ലോകം മുഴുവനിലും പ്രകീർത്തിക്കപ്പെടാൻ ഇടയാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

## 4. സഭയുടെ ധർമ്മം.

ക്രിസ്തു സഭയെ ഭരമേല്പിച്ച ദൗത്യം രാഷ്ട്രീയമോ സാമ്പത്തികമോ സാമൂഹികമോ അല്ല അവിടുന്നുയർത്തിക്കാട്ടിയ ലക്ഷ്യം മതാത്മകമാണ് നന്മയായിട്ടുള്ളതെല്ലാം സഭ അറിഞ്ഞ് അംഗീകരിക്കുന്നു. ഐക്യത്തിനുവേണ്ടിയുള്ള മുന്നേറ്റം സാമൂഹ്യവത്കരണത്തിലേക്കുള്ള പ്രയാണം പൗരപരവും സാമ്പത്തികവുമായ സൗഹൃദത്തിലേക്കുള്ള പ്രവേശം എന്നിവ.

മാമ്മോദീസ സ്വീകരിച്ച എല്ലാവരും ക്രിസ്തുവിന്റെ പൗരോഹിത്വത്തിൽ പങ്കുകാരാണ് സഭയുടെ ജീവിതത്തിൽ അല്മായർക്കു പങ്കുവഹിക്കാനുള്ളതുകൊണ്ട് ക്രൈസ്തവചൈതന്യം ലോകത്തിനു പകർന്നു കൊടുക്കാൻ അല്മായർക്കു നല്ല കടമയുണ്ട് സമുദായ മദ്ധ്യത്തിൽ എല്ലാക്കാര്യങ്ങളിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും അവർ വിളിക്കപ്പെട്ടവരാണ് രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ വേറൊരു പേര് അല്മായരുടെ കൗൺസിൽ എന്നാണ് നിങ്ങൾ ലോകം മുഴുവനും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മത്താ 28:19) എന്നത് യേശുവിന്റെ കല്പനയാണ്. ഞാൻ ആരോടെങ്കിലും വചനം പറയുന്നെങ്കിൽ ഈ കല്പന തുടരുന്നു. മിഷണറി പ്രവർത്തനം എല്ലാവരുടെയും കടമയും അവകാശവുമാണ് ജീവിതസാകഷ്യമാണ് പ്രധാനം. മതസ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ് ഏതു മതത്തിൽ വിശ്വസിക്കണമെന്നു തീരുമാനിക്കാൻ സ്വാതന്ത്ര്യമുണ്ട് യേശുവാണ് ഏക രക്ഷകൻ എന്ന് ജീവിതം കൊണ്ട് പ്രഖ്യാപിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട് സഭൈക്യം ഏറ്റവും വലിയ ലക്ഷ്യമായിരുന്നു സഭൈക്യവാര പ്രാർത്ഥന ഇതിന് ഉദാഹരണമാണ്.

## കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഒരു യഥാർത്ഥഫലമാണ് ആ കൗൺസിലിന്റെ സ്വീകരണത്തിനു സഹായകമായ ഉപകാരണവുമാണ് . രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിന്റെ ഇരുപതാം വാർഷികം ആഘോഷിക്കാനും ആ കൗൺസിലിന്റെ സ്വീകരണം അളക്കാനും വേണ്ടി 1985–ൽ മെത്രാന്മാരുടെ സിനഡിൽ അസാധാരണ സമ്മേളനം നടന്നു. ഒരു മതബോധനഗ്രന്ഥം തയ്യാറാക്കണമെന്ന് ആ സിനഡ് ആവശ്യപ്പെട്ടു. ദൈവജനത്തിന് കത്തോലിക്കാസിദ്ധാന്തത്തിന്റെ ഒരു സംക്ഷേപവും പ്രദേശിക മതബോധനഗ്രന്ഥങ്ങൾക്കു ഒരു പരാമർശ കേന്ദ്രവുമായ മതബോധനഗ്രന്ഥമാണ് ഉദ്ദേശിച്ചത്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഈ നിർദ്ദേശം സ്വീകരിച്ചു. സാർവ്വത്രികസഭയുടെയും പ്രാദേശിക സഭയുടെയും യഥാർത്ഥമായ ആഗ്രഹത്തോടു പൂർണ്ണമായി പ്രത്യുത്തരിക്കുന്ന ഒരാഗ്രഹമായി ആ നിർദ്ദേശം അംഗീകരിച്ചു. ആ മതബോധനഗ്രന്ഥം കത്തോലിക്കാ സഭയിലെ എല്ലാ മെത്രാന്മാരുടെയും സഹകരണത്തോടെ 1992–ൽ രചിക്കപ്പെട്ടു. 'വിശ്വാസത്തിന്റെ സ്വരലയം' എന്നും വിളിക്കപ്പെടാവുന്ന ഒന്ന് ഈ മതബോധനഗ്രന്ഥം യഥാർത്ഥത്തിൽ പ്രകാശിപ്പിക്കുന്നു.

മതബോധനഗ്രന്ഥത്തിൽ പുതിയതും പഴയതും (മത്താ 13:52) ഉണ്ട് കാരണം വിശ്വാസം എപ്പോഴും ഒന്നു തന്നെയാണ് എന്നാലും എന്നും അതു പുതിയ പ്രകാശത്തിന്റെ ഉറവിടമായിരിക്കുകയും ചെയ്യുന്നു. ഈ രണ്ട് ആവശ്യങ്ങളും സാധിക്കാൻ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഒരു വശത്ത് പഴയ പരമ്പരാഗതമായ പ്രതിപാദനക്രമം അനുസരിക്കുന്നു. ആ ക്രമം വി.പീയൂസ് അഞ്ചാമന്റെ മതബോധനഗ്രന്ഥത്തിലൂള്ളതാണ് അതനുസരിച്ച് പ്രതിപാദനം വിഷയം നാലു ഭാഗങ്ങളായി തിരിച്ചു.

1. വിശ്വാസ പ്രമാണം.

2. വിശുദ്ധ ലിറ്റർജി (കൂദാശകൾക്ക് പ്രാധാനസ്ഥാനം)

3. ക്രൈസ്തവജീവിതമാർഗ്ഗം ( പത്തു കല്പനകൾ മുതൽ വിവരിക്കുന്നു)

4. ക്രൈസ്തവ പ്രാർത്ഥന

മതബോധനഗ്രന്ഥം സഭാത്മകസംസർഗ്ഗത്തിനു സാധ്യതയുള്ള നിയമാനുസൃതമായ ഉപകരണമാണ് വിശ്വാസം പഠിപ്പിക്കാനുള്ള സുനിശ്ചിതമായ നിയമവുമാണ് ഈ ഗ്രന്ഥത്തിൽ വിശ്വാസത്തിന്റെ ഉള്ളടക്കത്തിന്റെ ക്രമവത്കൃതവും സുസംഘടിതവുമായ സംഗ്രഹമുണ്ട്. സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും തന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്ത പ്രബോധനത്തിന്റെ സമ്പത്ത് നാം അതിൽ കാണുന്ന

വിശ്വാസികൾക്ക് വിശ്വാസജീവിതത്തിൽ തീർച്ച നല്കുന്നതിനുവേണ്ടി സഭ നൂറ്റാണ്ടുകളിലൂടെ വിശ്വാസത്തെക്കുറിച്ചു ധ്യാനിക്കുകയും സിദ്ധാന്തത്തിൽ പുരോഗതി ഉണ്ടാക്കുകയും ചെയ്തതിന്റെ വിവിധ രീതികളുടെ സ്ഥിരംരേഖ ഈ ഗ്രന്ഥം നല്കുന്നുണ്ട് വി.ഗ്രന്ഥം മുതൽ സഭാ പിതാക്കന്മാർവരെയും ദൈവശാസ്ത്ര പണ്ഡിതന്മാർ മുതൽ വിശുദ്ധർവരെയും പ്രദർശിപ്പിച്ച വിവിധ രീതികൾ അതിൽ നല്കിയിട്ടുണ്ട്.

വിശ്വാസവർഷാചരണത്തിന്റെ ഉദ്ദേശ്യം കർത്താവായ ക്രിസ്തുവിലേക്കു തിരിച്ചുപോകുന്നതും വിശ്വാസം വീണ്ടും കണ്ടെത്തുകയെന്നതുമാണ്. അങ്ങനെ സഭാംഗങ്ങൾ ഇന്നത്തെ ലോകത്തിൽ ഉത്ഥിതനായ ക്രിസ്തുവിനു വിശ്വസ്തരും സന്തോഷഭരിതരുമായ അനേകരെ അതിലേക്കു നയിക്കാൻ സഭാംഗങ്ങൾ ശക്തരാകാനുമാണത്. ഈ വാതിൽ യേശുക്രിസ്തുവിനെ കാണാൻ മലർക്കെ തുറക്കുന്നു. അവിടുന്നു നമ്മുടെയിടയിൽ സന്നിഹിതനാണ് ലോകാവസാനം വരെ എപ്പോഴും (മത്താ 28:20) അവിടുത്തോടുള്ള അവഗാഢമായ ബന്ധത്തിൽ ജീവിക്കാനുള്ള കല എങ്ങനെ പഠിക്കാമെന്ന് അവിടുന്നു കാണിക്കുന്നു. യേശുക്രിസ്തു അവിടുത്തെ സ്നേഹത്തിലൂടെ ഓരോ തലമുറയിലെയും ആളുകളെ തന്നിലേക്ക് ആകർഷിക്കുന്ന നിത്യനൂതനമായ കല്പന നല്കിക്കൊണ്ട് സുവിശേഷപ്രഘോഷണം സഭയെ ഏല്പിക്കുന്നു. വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിന്റെ പരിശീലിപ്പിക്കുന്നതിന്റെ ആവേശവും വീണ്ടും കണ്ടെത്തുന്നതിനുമാണത്. വിശ്വസിക്കുകയെന്നത് ഒരു സ്വകാര്യകർമ്മമാണെന്ന് ക്രൈസ്തൻ ഒരിക്കലും ചിന്തിക്കാൻ പാടില്ല. കർത്താവിനോടൊപ്പം നില്ക്കാൻ തീരുമാനിക്കലാണു വിശ്വാസം. അങ്ങനെ നില്കുന്നതു അവിടുത്തോടു കൂടെ ജീവിക്കാനാണ് (സി.സി.സി 142).

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം അതിന്റെ ഘടനയിൽ അനുദിനജീവിതത്തിന്റെ വലിയ പ്രമേയങ്ങൾ വരെയുള്ള വിശ്വാസത്തിന്റെ വികസനം പിൻതുടരുന്നുണ്ട് അതിൽ അവതരിപ്പിക്കുന്നതു സിദ്ധാന്തമല്ല പിന്നെയോ സഭയിൽ ജീവിക്കുന്ന ഒരു ദിവ്യവ്യക്തിയുമായുള്ള കണ്ടുമുട്ടലാണെന്ന് ഓരോ പേജിലും നാം കാണുന്നു അതുകൊണ്ട് ഈ വർഷം കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശ്വാസത്തിന് യഥാർത്ഥത്തിൽ ബലംനല്കുന്ന ഒരു ഉപകരണമായിരിക്കും.

## വിശ്വാസവും വിശ്വാസപ്രമാണവും

വിശ്വാസമെന്നതു മനുഷ്യനും ദൈവത്തോടുള്ള വ്യക്തിപരമായ അടുപ്പമാണ് (സി.സി.സി 150) ഞാൻ വിശ്വസിക്കുന്നു എന്ന പ്രഖ്യാപനം ഓരോ വിശ്വാസിയും വ്യക്തി പരമായി മുഖ്യമായും മാമ്മോദീസ വേളയിൽ ഏറ്റു പറയുന്ന സഭയുടെ വിശ്വാസമാണ്. ഞങ്ങൾ വിശ്വസിക്കുന്നു എന്ന പ്രഖ്യാപനം സൂനഹദോസിൽ ഒരുമിച്ചുകൂടുന്ന മെത്രാന്മാരും വിശ്വാസികളുടെ പൊതുവായ ആരാധനാസമ്മേളനവും ഏറ്റുപറയുന്ന സഭയുടെ വിശ്വാസമാണ്.വിശ്വാസത്തെക്കുറിച്ചും, വിശ്വാസപ്രഖ്യാപനത്തെക്കുറിച്ചും, വിശുദ്ധ ലിറ്റർജിയെക്കുറിച്ചും നാം ചിന്തിച്ചു കഴിഞ്ഞു ഇനി ക്രൈസ്തവജീവിത മാർഗ്ഗത്തെപ്പറ്റി

അല്പം ചിന്തിക്കാം 10 കല്പനകൾ എന്തു പഠിപ്പിക്കുന്നു യേശു പറയുന്നു നിത്യജീവൻ പ്രാപിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ കല്പന കൾ പാലിക്കുക (മത്താ 19:17) പത്തു കല്പനകൾ ഒരു ഐക്യം രൂപപ്പെടുത്തുന്നുണ്ട് ഒരു കല്പന മറ്റൊന്നിനെ പരാമർശിക്കുന്നു തന്നിഷ്ടം ഒരു കല്പന ലംഘിക്കുന്നവൻ മുഴുവൻ കല്പനകളും ലംഘിക്കുന്നു. 10 കല്പനകൾ സംബന്ധിച്ച ശ്രദ്ധേയമായ കാര്യം മനുഷ്യജീവിതം മുഴുവനും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നതാണ് നാം ദൈവത്തോടും മനുഷ്യരോടും ബന്ധപ്പെട്ടിരിക്കുന്നവരാണ്.

## വിശ്വാസപരിശീലനം

ശിഷ്യൻമാരാക്കുക വിശ്വസിക്കുന്നതിലൂടെ യേശുവിന്റെ നാമത്തിൽ ജീവൻ ഉണ്ടാകേണ്ടതിന് അവനാണു ദൈവത്തിന്റെ പുത്രനെന്നും വിശ്വസിക്കാൻ മനുഷ്യരെ സഹായിക്കുക ക്രിസ്തുവിലുള്ള ജീവിതത്തിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക അങ്ങനെ അവിടുത്തെ ശരീരവും പണിതുയർത്തുക സഭയുടെ ഇവ്വിധപ്രവർത്തനങ്ങളുടെ ആകെത്തുകയാണ് മതബോധനം അഥവാ വിശ്വാസപരിശീലനം.

കുട്ടികളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസത്തിലുള്ള പരിശീലനമാണു മതബോധനം ക്രൈസ്തവജീവിതത്തിന്റെ പൂർണ്ണതയിലേക്കു ശ്രോതാക്കളെ നയിക്കുകയെന്ന ലക്ഷ്യത്തോടെ സജീവമായും ക്രമീകൃതമായും ക്രൈസ്തവപ്രബോധനങ്ങൾ പഠിപ്പിക്കുകയാണ് മതബോധനത്തിന്റെ മുഖ്യധർമ്മം.

സഭയുടെ മുഴുവൻ ജീവിതവുമായി അവ ഗാഢം ബന്ധപ്പെട്ടിരിക്കുന്നതാണു മതബോധനം സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർധനവും മാത്രമല്ല അതിലുപരിയായി അവളുടെ ആന്തരികവളർച്ചയും ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത്.തങ്ങൾ കേട്ടിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും ഒരിക്കലും കേട്ടിട്ടില്ലാത്താവനിൽ എങ്ങനെ വിശ്വസിക്കും പ്രസംഗിക്കുന്നവനില്ലാതെ എങ്ങനെ കേൾക്കും അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരങ്ങൾ (റോമ 10:14-15) സുവിശേഷ പ്രഘോഷണം സഭയുടെ ഓരോ വ്യക്തിയുടെയും പ്രത്യേകിച്ച് ഓരോ സമർപ്പിതരുടെയും അവകാശവും കടമയുമാണ് വിശ്വാസം ഒരു ദൈവികദാനവും, രഹസ്യവും, മനുഷ്യനിലേയ്ക്കു നിശ്വസിക്കുന്ന പ്രകൃത്യാതീത സുകൃതവുമാണ്. (സി.സി.സി 153).

## മതബോധനവും ആരാധനക്രമവും

സഭയുടെ സകല പ്രവർത്തനങ്ങളും ലക്ഷ്യമാക്കുന്ന അത്യുച്ചസ്ഥാനവും അവളുടെ സർവ്വശക്തിയും നിർഗ്ഗളിക്കുന്ന ഉറവിടവും ആണ് ആരാധന ക്രമം ദൈവജനത്തിന്റെ വിശ്വാസപരിശീലനത്തിനുള്ള പ്രധാനസ്ഥാനമാണ് ആരാധന ക്രമം. പ്രായോഗിക നിരീക്ഷണം നടത്തിയാൽ സുവിശേഷ വൽക്കരണം നടക്കുന്ന വഴികളാണ് കുമ്പസാരം, തീർത്ഥാടനം,

ആരാധന ജീവിതം തുടങ്ങിയവ 'കുമ്പസാരമെന്ന കൂദാശ' ജനങ്ങളെ വിശുദ്ധീകരിക്കുന്നതിന് ദൈവം നല്കിയതാണ് തീർത്ഥാടനങ്ങളും പ്രദക്ഷിണങ്ങളും സുവിശേഷവത്ക്കരണ മാദ്ധ്യമങ്ങളാണ് വിശ്വാസത്തിനു സ്നേഹത്തിന്റെ സാക്ഷ്യം വഹിക്കുന്നവരുടെ ആത്മീയ കൂട്ടായ്മയാണ് ഇടവക. വിശ്വാസത്തിന്റെ പ്രഘോഷണമാണ് ആരാധനയും തിരുനാളുകളും. ക്രിസ്ത്യാനികളുടെ ജീവിതം വഴി, മറ്റുമതസ്ഥർക്ക് ക്രിസ്തുവിനെ കൊടുക്കാനാകണം.

## പെസഹാരഹസ്യം സഭയുടെ കൂദാശകളിൽ

സഭയുടെ ആരാധനാജീവിതം മുഴുവനും കുർബ്ബാന കൂദാശകൾ എന്നിവക്കു ചുറ്റുമാണ് ഭ്രമണം ചെയ്യുന്നത് സഭയിൽ ഏഴു കൂദാശകൾ ഉണ്ട്. മാമ്മോദീസ, സ്ഥൈര്യലേപനം, കുർബ്ബാന, കുമ്പസാരം, രോഗീലേപനം, തിരുപ്പട്ടം, വിവാഹം.

എന്നെന്നും ജീവിക്കുന്നതും ജീവൻ ന്ലകുന്നതുമായ ക്രിസ്തുവിന്റെ ശരീരത്തിൽനിന്നു പ്രവഹിക്കുന്ന ശക്തികൾ ആണു കൂദാശകൾ. സഭയാകുന്ന അവിടുത്തെ ശരീരത്തിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളാണവ ശാശ്വതമായ പുതിയ ഉടമ്പടിയാൽ ദൈവത്തിന്റെ ഉൽകൃഷ്ട കർമ്മങ്ങൾ ആണു കൂദാശകൾ (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 1116 ).

## പ്രാർത്ഥന ക്രൈസ്തവ ജീവിതത്തിൽ

ദൈവത്തിലേക്കു ഹൃദയം തിരിക്കലാണു പ്രാർത്ഥന. ഒരു വ്യക്തി പ്രാർത്ഥിക്കുമ്പോൾ അയാൾ ദൈവവുമായുള്ള സജീവ ബന്ധത്തിലേക്കു പ്രവേശിക്കുന്നു. വിശ്വാസത്തിലേക്കു നയിക്കുന്ന മഹത്തായ കവാടമാണു പ്രാർത്ഥന. പ്രാർത്ഥിക്കുന്ന വ്യക്തി ഇനി മേൽ തന്റേതായി ജീവിക്കുന്നില്ല. തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നില്ല. സ്വന്തം ശക്തികൊണ്ടുജീവിക്കുന്നില്ല തനിക്കു സംസാരിക്കുവാനുള്ള ഒരു ദൈവമുണ്ടെന്ന് അറിയുന്നു പ്രാർത്ഥിക്കുന്നവൻ തങ്ങളെത്തന്നെ കൂടുതൽ കൂടുതലായി ദൈവത്തിനു സ്വയം സമർപ്പിക്കുന്നു. ഒരിക്കൽ മുഖാഭിമുഖം കണ്ടുമുട്ടാനുള്ളവനുമായി ഐക്യപ്പെടാൻ ഇപ്പോഴേ പരിശ്രമിക്കുന്നു. അതു കൊണ്ട് അനുദിനം പ്രാർത്ഥിക്കാനുള്ള പരിശ്രമം ക്രൈസ്തവജീവിതത്തിന്റെ ഭാഗമാണ്. ഒരു സാങ്കേതികവിദ്യ പഠിക്കുന്നതുപോലെ പ്രാർത്ഥിക്കാൻ പഠിക്കുന്നതിനു സാധ്യമല്ല പ്രാർത്ഥനയിലൂടെ ലഭിക്കുന്ന ഒരു ദാനമാണ് പ്രാർത്ഥന.

## അബ്രാഹം പ്രാർത്ഥനയുടെ മാതൃക.

അബ്രാഹം ദൈവത്തെ ശ്രവിച്ചു എങ്ങോട്ടെല്ലാം പോകാൻ ദൈവം ആവശ്യപ്പെട്ടോ അങ്ങോട്ടെല്ലാം പോകാനും ദൈവത്തിന്റെ ഇഷ്ടമെന്തോ അതു ചെയ്യാനും അബ്രാഹം സന്നദ്ധനായി. അദ്ദേഹത്തിന്റെ ശ്രവണം കൊണ്ടും പുതുതായി തുടങ്ങാനുള്ള സന്നദ്ധതകൊണ്ടും അബ്രാഹം നമ്മുടെ പ്രാർത്ഥനയുടെ മാതൃകയായി

## യേശുവിന്റെ പ്രാർത്ഥന.

യേശുവിന്റെ ജീവിതം ഒറ്റ പ്രാർത്ഥനയായിരുന്നു. നിർണ്ണായകനിമിഷങ്ങളിൽ (മരുഭൂമിയിലെ പരീക്ഷ, ശിഷ്യന്മാരെ തിരഞ്ഞെടുക്കൽ, കുരിശിലെ മരണം) അവിടുത്തെ പ്രാർത്ഥന സവിശേഷമാം വിധം തീവ്രമായിരുന്നു. യേശുവിൽ നിന്നും പ്രാർത്ഥിക്കാൻ പഠിക്കുക എന്നതിന്റെ അർത്ഥം ഇതാണ് അവിടുന്നിലുള്ള അതിരറ്റ വിശ്വാസത്തിലേക്കു പ്രവേശിക്കുക അവിടുത്തെ പ്രാർത്ഥനയിൽ ഒന്നു ചേരുക അവിടുത്താൽ നയിക്കപ്പെട്ട് പടിപടിയായി പിതാവിലേക്കു പ്രവേശിക്കുക (2607–2614,2621).

## മറിയം പ്രാർത്ഥിച്ച രീതി

നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ (ലൂക്കാ 1:38) പ്രാർത്ഥന ദൈവത്തിന്റെ സ്നേഹത്തോടുള്ള പ്രത്യുത്തരമെന്ന നിലയിൽ ആത്മദാനം നടത്തലാണ് മറിയത്തെപ്പോലെ നമ്മൾ സമ്മതമാണെന്നു പറഞ്ഞാൽ ദൈവത്തിനു തന്റെ ജീവിതം നമ്മുടെ ജീവിതത്തിൽ നയിക്കാൻ അവസരം ലഭിക്കും.ആദിമ ക്രിസ്ത്യാനികൾ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ അപ്പം മുറിക്കൽ പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേരുന്നു പ്രാർത്ഥനയുടെ പ്രധാനപ്പെട്ട ഇനങ്ങൾ ഇവയാണ്.

1. ആശീർവ്വാദ പ്രാർത്ഥനയും ആരാധിക്കലും

2. യാചന പ്രാർത്ഥന

3. മദ്ധ്യസ്ഥപ്രാർത്ഥന

4. സ്തുതിയുടെ പ്രാർത്ഥന

ക്രൈസ്തവർ ശരീരഭാഷയിലൂടെ തങ്ങളുടെ ജീവിതം ദൈവതിരുമുമ്പാകെ കൊണ്ടുവരുന്നു. ‘ദൈവസന്നിധിയിൽ നില്ക്കൽ ബഹുമാനം സൂചിപ്പിക്കുന്നു. ദൈവസന്നിധിയിൽ ഇരിക്കുമ്പോൾ ആന്തരികമായി സംഭവിക്കുന്നതെന്തോ അതു ശ്രദ്ധിക്കുന്നു. ദിവ്യവചനത്തെക്കുറിച്ചു ഹൃദയത്തിൽ ചിന്തിക്കുകയും (ലൂക്കാ 2:51) ധ്യാനിക്കുകയും ചെയ്യുന്നു.മുട്ടു കുത്തിക്കൊണ്ട് ഒരു വ്യക്തി, ദൈവത്തിന്റെ മഹത്വത്തിന്റെ സന്നിധിയിൽ തന്നെത്തന്നെ ചെറിയവനാക്കുന്നു.

സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ഒരു വ്യക്തി ദൈവത്തെ ആരാധിക്കുന്നു. കൈകൾ കൂപ്പിക്കൊണ്ട് ഒരു വ്യക്തി അന്യവിചാരങ്ങൾ കീഴടക്കുകയും തന്നെതന്നെ സമാഹരിക്കുകയും ദൈവത്തോടു ഐക്യപ്പെടുത്തുകയും ചെയ്യുന്നു.കൂപ്പിയ കരങ്ങൾ യാചനയുടെ യഥാർത്ഥ ആംഗ്യവുമാണ്’.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയാണ് യേശുതന്നെ ശിഷ്യന്മാരെ പഠിപ്പിച്ച ഏക പ്രാർത്ഥന (മത്താ 6:9–13, ലൂക്കാ 11:2–4) അതുകൊണ്ട് ഈ പ്രാർത്ഥനയെ

കർത്തൃപ്രാർത്ഥനയെന്നു വിളിക്കുന്നു. ഏറ്റവും പൂർണ്ണമായ പ്രാർത്ഥനയാണ് മുഴുവൻ സുവിശേഷത്തിന്റെയും സംഗ്രഹമാണ്. ദൈവം എവിടെയെല്ലാമായിരിക്കുന്നുവോ അവിടെല്ലാമാണു സ്വർഗ്ഗം. സ്വർഗ്ഗമെന്ന പദം ഒരു പ്രത്യേക സ്ഥലത്തെയല്ല പിന്നെയോ ദൈവത്തിന്റെ സാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത്.പ്രാർത്ഥനകളുടെ അവസാനം 'ആമ്മേൻ' എന്നു പറയുന്നത് 'അതേ' 'അങ്ങനെയാകട്ടെ' എന്നാണ്.

## ഉപസംഗ്രഹം

ഇരുപതാം നൂറ്റാണ്ടിൽ സഭയ്ക്കു നല്കപ്പെട്ട മഹത്തായ കൃപാവരമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഉറവിടങ്ങളിലേക്കു തിരിച്ചു പോയി സഭയെ ആധുനികരിക്കാനുള്ള ഒരു മാർഗ്ഗം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഒരു യഥാർത്ഥ ഫലമാണ്. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം സാർവ്വത്രികസഭയുടെ മതബോധനത്തിന്റെ രത്നച്ചുരുക്കമാണ്. യുവജനമതബോധനഗ്രന്ഥത്തിന്റെ (youcat) ഉള്ളടക്കം കത്തോലിക്കാവിശ്വാസം സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും യുവാക്കൾക്ക് എളുപ്പം മനസ്സിലാക്കാവുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. അപ്പസ്തോലന്മാരുടെ ക്രിസ്താനുഭവത്തിന്റെ നിക്ഷേപം തലമുറതലമുറകളിലേക്കു പകർന്നു കൊടുക്കാൻ എല്ലാ ക്രിസ്തീയ വിശ്വാസികളും ക്ഷണിക്കപ്പെട്ടിരിക്കുന്നു(c c c 3) ഇതു സാധ്യമാക്കുന്ന ഏറ്റവും നല്ല വേദിയാണ് വിശ്വാസപരിശീലന ക്ലാസ്സുകൾ. 'ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക വാർദ്ധ്യകൃത്തിലും അതിൽനിന്നും വ്യതിചലിക്കുകയില്ല" (സുഭാഷിതങ്ങൾ 22.6) മതാദ്ധ്യപകരായ നമുക്ക് നമ്മുടെ കുഞ്ഞുമക്കളെ ജീവന്റെ നാട്ടിലേക്ക് ദൈവപുത്രനുമായുള്ള സ്നേഹബന്ധത്തിലേക്ക്, നമുക്കു ജീവൻ തരുന്ന, അതു സമൃദ്ധമായി തരുന്ന, ഒരുവനിലേക്ക് നയിക്കാൻ 'വാക്കുകളിലും, പെരുമാറ്റത്തിലും സ്നേഹത്തിലും, വിശ്വാസത്തിലും, വിശുദ്ധിയിലും, നീ വിശ്വാസികൾക്ക് മാതൃകയായിരിക്കുക'. (1 തിമോ 4:12).

@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@